# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 274 02/03/2020-ൽ മറുപടിയ്ക്ക്**

## ബാലനിധി പദ്ധതി

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**ഉത്തരം**

**കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)

(എ) സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകൾ അനുഭവിക്കുന്ന കുട്ടികളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പ് വരുത്തുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(എ) വിഷമതകൾ അനുഭവിക്കുന്ന കുട്ടികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പ വരുത്തുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1 . ശരണബാല്യം.

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ഭിക്ഷ യാചിക്കുന്ന കുട്ടികൾ എന്നിവരെ കണ്ടെത്തി അവർക്ക് സംരക്ഷണം നൽകുന്നതിനായുള്ള പദ്ധതി.

2. കാവൽ.

നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികളെ ബാംഗ്ലൂർ ആസ്ഥാനമായ നിംഹാൻസിന്റെ സാങ്കേതിക സഹായത്തോടെ മനഃശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി, സ്വഭാവ പരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്നതാണ് കാവൽ പദ്ധതി.

3. കരുതൽ സ്പർശം.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കുടുംബത്തിൽ നിന്നു തന്നെ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ആയവ തടയുന്നതിനും രക്ഷാകർതൃ ബോധത്തിനുമായി കരുതൽ സ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | 4. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC).<br>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC) മുഖേന സംസ്ഥാനത്തെ 304 സ്കൂളുകളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകി വരുന്നു. |
| (ബി) | ഇവർക്ക് ധനസഹായം നൽകുന്നതിനായി ബാലനിധി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇതിനകം എത്രപേർക്ക് ഇതിൽ നിന്നും സഹായം നൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സമൂഹത്തിൽ വിഷമത അനുഭവിക്കുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ധനസഹായം നൽകുന്നതിനായി രൂപീകരിച്ച ബാലനിധി പദ്ധതിയിലൂടെ 21 കുട്ടികൾക്ക് ചികിത്സാ സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ അവകാശങ്ങളെ സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ കുടുംബങ്ങളിൽ നിന്ന് തന്നെ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ആയവ തടയുന്നതിനും, രക്ഷാകർതൃ ബോധത്തിനുമായി നടപ്പ് സാമ്പത്തിക വർഷം കരുതൽ സ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2019 ജൂൺ 1 ന് 'ഗ്ലോബൽ പേരന്റിംഗ് ഡേ' സംഘടിപ്പിച്ചു. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലും ക്യാമ്പയിനുകൾ, വിവിധ ബോധവൽക്കരണ പരിപാടികൾ, വൾണറബിളിറ്റി സർവേ എന്നിവ സംഘടിപ്പിച്ചു വരുന്നു. |
| (ഡി) | ഇത്തരം പദ്ധതികൾക്കായി ബാലനിധിയിൽ നിന്നും ധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ഡി) | ബോധവൽക്കരണ പരിപാടികൾക്കായി ബാലനിധിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**